പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 5625 | 02.07.2014- ൽ മറുപടിക്ക് |

## ചെക്ക്പോസ്റ്റുകളിൽ ഭക്ഷ്യവസ്തുക്കളുടെ പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. റ്റി. ജോർജ്<br>" സി. പി. മുഹമ്മദ്<br>" പി. സി. വിഷ്ണുനാഥ്<br>" ഷാഫി പറമ്പിൽ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ചെക്ക് പോസ്റ്റുകളിൽ ഭക്ഷ്യവസ്തുക്കളുടെ പരിശോധനകൾ ശക്തിപ്പെടുത്താൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ വരുന്ന എല്ലാ ഭക്ഷ്യോൽപന്നങ്ങളും കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ നമ്മുടെ സംസ്ഥാനം ഭക്ഷ്യോൽപന്നങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ മറ്റുള്ള സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുമായി ഇതു സംബന്ധിച്ച് നിരന്തര ആശയവിനിമയം നടത്തുന്നുണ്ട്. കൂടുതൽ ചർച്ചകൾക്കായി ഒരു സംഘം ഉദ്യോഗസ്ഥർ കർണ്ണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ നേരിട്ട് സന്ദർശിച്ച് നടപടികൾ ശക്തമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന് സ്ഥിരം സംവിധാനം പ്രവർത്തിക്കുന്നില്ല. എന്നാൽ സംസ്ഥാനത്ത് പുതിയതായി മൂന്നു മൊബൈൽ അനലറ്റിക്കൽ ലാബുകൾ ഉടൻതന്നെ പ്രവർത്തന സജ്ജമാക്കുവാൻ വേണ്ട നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത ലാബുകൾ പ്രവർത്തന സജ്ജമാകുന്നതോടുകൂടി ഭക്ഷണപദാർത്ഥങ്ങൾ ചെക്ക്പോസ്റ്റുകളിൽ നിന്ന് തന്നെ ശേഖരിച്ച് പരിശോധിക്കുവാൻ വേണ്ട നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിൽ താല്ക്കാലിക അടിസ്ഥാനത്തിൽ സംസ്ഥാനത്തേക്ക് വരുന്ന വെളിച്ചെണ്ണയുടെ സാമ്പിൾ മീനാക്ഷിപുരം/ വാളയാർ ചെക്ക്പോസ്റ്റിൽവച്ച് ശേഖരിച്ച് ആയതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ സംസ്ഥാനത്തിനുള്ളിലേക്ക് കടത്തിവിടുവാൻ അനുവാദം നൽകുന്നുള്ളൂ. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ഭക്ഷ്യസുരക്ഷാ നിലവാര നിയമത്തിൽ നിഷ്കർഷിക്കും പ്രകാരമുള്ള ഭക്ഷ്യോൽപന്നങ്ങൾ സംസ്ഥാനത്ത് ഉറപ്പുവരുത്തുകയെന്നുള്ളതാണ് ടി പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |

| | | | |
|---|---|---|---|
| സി) | ആരെല്ലാമാണ് പദ്ധതിയുടെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) | വിൽപന നികുതിവകുപ്പും ഓണക്കാലം പോലെയുള്ള കാലയളവിൽ ഡയറി വകുപ്പും ടി പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. |
| ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | നിലവിൽ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന് സ്ഥിരം സംവിധാനം പ്രവർത്തിക്കുന്നില്ല. എന്നാൽ സംസ്ഥാനത്ത് പുതിയതായി മൂന്നു മൊബൈൽ അനലറ്റിക്കൽ ലാബുകൾ ഉടൻതന്നെ പ്രവർത്തന സജ്ജമാക്കുവാൻ വേണ്ട നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത ലാബുകൾ പ്രവർത്തന സജ്ജമാകുന്നതോടുകൂടി ഭക്ഷണപദാർത്ഥങ്ങൾ ചെക്ക്പോസ്റ്റുകളിൽ നിന്ന് തന്നെ ശേഖരിച്ച് പരിശോധിക്കുവാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**